ഉത്തരം

(എ) നാല് സ്കൂളുകൾ പൂട്ടിയിട്ടുണ്ട്.

(ബി) നിർത്തലാക്കിയ സ്കൂളുകളിലെ എല്ലാ അദ്ധ്യാപകരെയും പുനർ വിന്യസിച്ചു കഴിഞ്ഞു.

(സി) മുഴുവൻ അദ്ധ്യാപകർക്കും ഗവൺമെന്റ് സ്കൂളുകളിൽ തന്നെയാണ് പുനർ നിയമനം നല്കിയിട്ടുള്ളത്.

പാലക്കാട് ജില്ലയിലെ മങ്കര എം. ആർ. എം. എൽ. പി. സ്കൂളിലെ അദ്ധ്യാപകർക്കും മറ്റ് സ്റ്റാഫുകൾക്കും ശമ്പളം ലഭ്യമാക്കാൻ നടപടി

162 [1430] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര സർക്കാർ, എയിഡഡ്, എൽ. പി., യു. പി., ഹൈസ്കൂളുകൾ പൂട്ടിയിട്ടിട്ടുണ്ട്; പ്രസ്തുത സ്കൂളുകൾ പൂട്ടുവാൻ എന്തായിരുന്നു കാരണമെന്ന് വെളിപ്പെടുത്തുമോ;

(ബി) സ്കൂളുകൾ പൂട്ടിയപ്പോൾ പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകർക്കും മറ്റ് സ്റ്റാഫുകൾക്കും പുനർ നിയമനം നടത്തിയിട്ടുണ്ടോ;

(സി) അദ്ധ്യാപകരുടേയും മറ്റ് സ്റ്റാഫുകളുടേയും ശമ്പളം മാസങ്ങളായി ലഭിക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പാലക്കാട് ജില്ലയിലെ മങ്കര എം. ആർ. എം. എൽ. പി. സ്കൂൾ പൂട്ടിയിട്ട് മാസങ്ങളായിട്ടും അദ്ധ്യാപകർക്കും മറ്റ് സ്റ്റാഫുകൾക്കും ശമ്പളം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും ശമ്പളം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 43 എൽ. പി. സ്കൂളുകളും (ഗവ. 19, എയിഡഡ് 24) 10 യു. പി. സ്കൂളുകളും (ഗവ. 5, എയിഡഡ് 5) 3 ഹൈസ്കൂളുകളും (ഗവ. 2, എയിഡഡ് 1) നിർത്തലാക്കിയിട്ടുണ്ട്. കെ. ഇ. ആർ. അദ്ധ്യായം V-ലെ വ്യവസ്ഥപ്രകാരം ഒരു സ്റ്റാന്റേർഡിൽ അവശ്യം 25 കുട്ടികൾ ഉണ്ടാകണം. ഒരു സ്റ്റാന്റേർഡിൽ 25 കുട്ടികൾ വീതം ഇല്ലാത്ത സ്കൂളുകളെ അൺ ഇക്കണോമിക് സ്കൂളായാണ് കണക്കാക്കുന്നത്. ഇത്തരം സ്കൂളുകളുടെ അംഗീകാരം പിൻവലിക്കുന്നതിന് മേൽ അദ്ധ്യായത്തിലെ '22 എ' നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ സമീപ പ്രദേശത്ത് വേണ്ടത്ര പഠന സൗകര്യമുള്ള സ്ഥലങ്ങളിൽ വളരെ കുറച്ചു കുട്ടികൾക്കു മാത്രമായി സ്കൂൾ നിലനിർത്തുന്നതു സർക്കാരിനു വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്നു. അതുകൊണ്ടാണ് അത്തരം സ്കൂളുകൾ പൂട്ടുവാൻ തീരുമാനിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 30-4-2002-ലെ സർക്കാർ ഉത്തരവ് നം. ജി. ഒ. (എം.എസ്) 88/2002/ പൊ.വി. പ്രകാരം നിർത്തലാക്കിയ വ്യക്തിഗത മാനേജുമെന്റിൻ കീഴിലെ സ്കൂളുക ളിലെ 5 വർഷത്തിനു മുകളിൽ സർവ്വീസുള്ള മുഴുവൻ അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാർക്കും സർക്കാർ സ്കൂളുകളിലേക്ക് പുനർ നിയമനം നല്കിയിട്ടുണ്ട്. എന്നാൽ മാനേജർമാരുടെ അപേക്ഷയുടെയും വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഡയറക്ടർ നിർത്തലാക്കിയ സ്കൂളുകളിലെ അദ്ധ്യാപക പുനർവിന്യാസത്തെസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഉണ്ട്. സ്കൂൾ നിർത്തലാക്കിയ തീയതി മുതൽ പുനർ വിന്യസിച്ച പുതിയ സ്കൂളിൽ ജോലിയിൽ പ്രവേശിക്കുന്നതുവരെയുള്ള കാലയളവിലെ ശമ്പള മാണ് അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും ലഭിക്കാനുള്ളത്. ഇതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ഉണ്ട്. മങ്കര എം. ആർ. എം. എൽ. പി. എസ്സിലെ അദ്ധ്യാപകരുടെ പുനർവിന്യാസത്തെയും കുടിശ്ശിക ശമ്പളത്തെയും സംബന്ധിച്ച് പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

മാനന്തവാടി എഞ്ചിനീയറിംഗ് കോളേജിലെ റാഗിംഗ്

163 [1444] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി എഞ്ചിനീയറിംഗ് കോളേജിലെ ഒന്നാം വർഷ ഇലക്ട്രോ ണിക്സ് വിദ്യാർത്ഥിയായ ശ്രീ. ലിജു റാഗ് ചെയ്യപ്പെട്ടത് സംബന്ധിച്ച് കോളേജ് പ്രിൻസിപ്പാളിന് എന്തെങ്കിലും പരാതി ലഭിച്ചിരുന്നോ;

(ബി) പരാതിയിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) റാഗിംഗ് സംബന്ധിച്ച പരാതി പ്രിൻസിപ്പാൾ പോലീസിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് റിപ്പോർട്ട് ചെയ്തില്ല;

(ഇ) ഉണ്ടെങ്കിൽ പോലീസ് ഭാഗത്തുനിന്നും എന്തു നടപടിയുണ്ടായി; വിശദമാക്കുമോ;

(എഫ്) റാഗിംഗ് സംബന്ധിച്ച പരാതി പ്രിൻസിപ്പാൾ വിദ്യാർത്ഥികളെക്കൊണ്ട് നിർബന്ധിച്ച് പിൻവലിപ്പിച്ചുവെന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly